(ജി) ഇക്കാര്യത്തിൽ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ ബോഡി നിർമ്മാണം

58 [1365] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

" കെ. എൻ. എ. ഖാദർ:

" കളത്തിൽ അബ്ദുള്ള:

" സി. മോയിൻകുട്ടി:

" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് കെ. എസ്. ആർ. ടി. സി. പുതുതായി നിരത്തിലിറക്കിയ ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ ബോഡി നിർമ്മാണം നടത്തിയതെവിടെയാണ്;

(ബി) ഇതിനായി ഓരോ ബസ്സിനും ചെലവഴിച്ച തുക എത്ര;

(സി) കെ. എസ്. ആർ. ടി. സി. യുടെ ബോഡി നിർമ്മാണ യൂണിറ്റിൽ പുതുതായി എത്ര ബസ്സുകളുടെ ബോഡി നിർമ്മാണം നടത്തി;

(ഡി) അതിനോരോന്നിനും ചെലവഴിച്ച തുക എത്ര;

(ഇ) എല്ലാ പുതിയ ബസ്സുകളുടെ ബോഡിയും കെ. എസ്. ആർ. ടി. സി.-യുടെ സ്വന്തം ബോഡി ബിൽഡിംഗ് യൂണിറ്റിൽ ചെയ്തിരുന്നുവെങ്കിൽ എത്ര തുക ലാഭിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇനിയും കെ. എസ്. ആർ. ടി. സി.-യിലേയ്ക്ക് പുതിയ ബസ്സുകൾ വാങ്ങുമ്പോൾ ബോഡി നിർമ്മാണം കോർപ്പറേഷന്റെ തന്നെ സ്വന്തം യൂണിറ്റിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യുടെ സെൻട്രൽ വർക്കസ് തിരുവനന്തപുരം, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ എന്നിവിടങ്ങളിലും ബോഡി നിർമ്മാതാക്കളായ ഹർഷാ വീൽ മുവേഴ്സ്, ബാംഗ്ലൂർ, ഇരിസർ റ്റി. വി. എസ്., തിരുവനന്തപുരം, ഹൈ ടെക് ഓട്ടോ ക്രാഫ്റ്റ്, ആലപ്പുഴ, ശ്രീശക്തി ഇൻഡസ്ട്രീസ്, കരൂർ, റോയൽ എൻജിനീയറിംഗ് കമ്പനി കരൂർ, പോപ്പുലർ മെഗാ മോട്ടോഴ്സ്, പള്ളിക്കൽ എന്നിവിടങ്ങളിൽ നിന്നും കൂടാതെ രേവതി എന്റർപ്രൈസസ്, ആലപ്പുഴ, ആസാദ് ബോഡി ബിൽഡേഴ്സ് , ബാംഗ്ലൂർ, ക്രിയേറ്റീവ് എന്റർപ്രൈസസ്, കൊച്ചിൻ എന്നിവിടങ്ങളിൽ നിന്ന് പ്രോട്ടോ ടൈപ്പ് ഓരോന്നു വീതവും ബോഡി നിർമ്മാണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly